14172
28/6/14

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - വീടും സംരക്ഷണഭിത്തിയും തകർന്ന് മരണപ്പെട്ട സജീനയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പത്ത് ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ(ഡിആർഎഫ്-എ) വകുപ്പ്**

**സ.ഉ.(കൈയ്യെഴുത്ത്) നം:209/2017/റവ.** **തിരുവനന്തപുരം, തീയതി, 23/06/2017**

==========================================================================

**<u>പരാമർശം:</u>** തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15.04.2017, 06.05.2017 എന്നീ തീയതികളിലെ എച്ച്1/27218/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വീടും സംരക്ഷണഭിത്തിയും തകർന്ന് മരണപ്പെട്ട സജീനയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് **10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക കുട്ടിയുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും പലിശ കുട്ടിയുടെ വിദ്യാഭ്യാസത്തിനായി രക്ഷകർത്താവിന് (Guardian) പിൻവലിക്കാൻ സൗകര്യപ്പെടുത്തുന്നതിനും പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടിയ്ക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

2. ടി **10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **<u>തിരുവനന്തപുരം ജില്ലാ കളക്ടർക്ക്</u>** അനുവദിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി), (ഡി.ആർ.എഫ്.-സി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1130

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 1423173/ഡിആർഎഫ്. എ1/2017/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | :വീടും സംരക്ഷണ ഭിത്തിയും തകർന്ന് വീണതിനെ തുടർന്ന് മരണപ്പെട്ട സജിനയുടെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07.06.2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിൻെറ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ബി.എസ്.പാവനകുമാരി. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പി.എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13.06.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 15.06.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18.06.2017 |
| 14 | കുറിപ്പിൻെറ പകർപ്പുകൾ സമർപ്പിച്ച തീയതി | : 19.06.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വീടും സംരക്ഷണ ഭിത്തിയും തകർന്ന് വീണതിനെ തുടർന്ന് മരണപ്പെട്ട സജീന, മക്കളായ ഷഫാന,ഷിഹാന എന്നിവരുടെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 13.04.2017 ന് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, കരകുളം, ചെക്കക്കോണം, ആലുംമൂട്ടിൽ ശ്രീ.നവാസ് എന്നയാളുടെ വീടും സംരക്ഷണഭിത്തിയും തകർന്ന് ശ്രീ.അൻസാറിന്റെ വീടിനു മുകളിലേക്ക് വീണ് അവിടെ വാടകയ്ക്ക് താമസിച്ചിരുന്ന സജീന, സജീനയുടെ മക്കളായ ഷഫാന, ഷിഹാന എന്നിവർ മരണപ്പെട്ടു. പരേതയുടെ മറ്റൊരു മകൻ പരിക്കേറ്റ് ആശുപത്രിയിലായി. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള പരേതയുടെ നിർദ്ധന കുടുംബത്തിന് സ്വന്തമായി വീടോ വസ്തുവോ ഇല്ല.

3. മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(1) അയൽ വാസിയുടെ വീടും സംരക്ഷണ ഭിത്തിയും തകർന്ന് വീണതിനെ തുടർന്ന് തന്റെ രണ്ട് കുട്ടികളോടൊപ്പം മരണപ്പെട്ട സജീനയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകാമോ? എങ്കിൽ എത്ര തുക നൽകാം?

(2)അനുവദിക്കുന്ന പക്ഷം,പ്രസ്തുത തുക , കുട്ടിയുടെ പേരിൽ മേജറാകുന്നത് വരെ സ്ഥിരനിക്ഷേപമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുന്നതിന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകാമോ? തുകയുടെ പലിശ കുട്ടിയുടെ വിദ്യാഭ്യാസത്തിനായി പിൻവലിക്കുന്നതിന് രക്ഷകർത്താവിന് സൗകര്യപ്പെടുത്താൻ കൂടി നിർദ്ദേശിക്കാമോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-06-2017

ഫയൽ നം.1423173/ഡിആർഎഫ്-എ1/2017/റവ. ഇനം നം: 1130

വിഷയം : റവന്യൂ വകുപ്പ് - വീടും സംരക്ഷണ ഭിത്തിയും തകർന്ന് വീണതിനെ തുടർന്ന് മരണപ്പെട്ട സജീനയുടെ കുടുംബത്തിന് ധനസഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ

1. മരണപ്പെട്ട സജീനയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ) അനുവദിക്കുവാൻ തീരുമാനിച്ചു.
2. പ്രസ്തുത തുക കുട്ടിയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും പലിശ കുട്ടിയുടെ വിദ്യാഭ്യാസത്തിനായി രക്ഷകർത്താവിന് (Guardian) പിൻവലിക്കാൻ സൗകര്യപ്പെടുത്തുന്നതിനും പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടിയ്ക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.
3. സർക്കാരിന്റെ പാർപ്പിട പദ്ധതിയായ "ലൈഫ്" മിഷനിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്